(ബി) വീഡിയോ പൈറസി നിയന്ത്രിക്കുന്നതിനുവേണ്ടി എല്ലാ ജില്ലകളിലും ഡി.വൈ.എസ്.പി. (ക്രൈം ഡിറ്റാച്ച്മെന്റ്)മാരെ ചുമതലപ്പെടുത്തിക്കൊണ്ട് ഡി. ജി. പി. 13-3-2000-ൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ എല്ലാ പോലീസ് സൂപ്രണ്ടുമാരേയും കേബിൾ ടെലിവിഷൻ നെറ്റ്വർക്ക് (റെഗുലേഷൻ) ആക്ട് 1995 പ്രകാരം അവരവരുടെ അധികാര മേഖലയിൽ "കോപ്പിറൈറ്റ് ആക്ട് 1957"- ലെ നിയമങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന കേബിൾ റ്റി.വി.-ക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതുൾപ്പെടെ അധികാരം നൽകിക്കൊണ്ട് സർക്കാർ 13-11-2002-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 149/02/ ആഭ്യന്തരം പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതിനുപരി പ്രസ്തുത ഓതറൈസ്ഡ് ആഫീസർമാരുടെ കീഴിൽ വീഡിയോ/സി.ഡി. പൈറസി കണ്ടുപിടിച്ച് നടപടിയെടുക്കാൻ ജില്ലതോറും സ്പെഷ്യൽ പോലീസ് സ്ക്വാഡ് രൂപീകരിക്കുന്നതിന് ഡി.ജി.പി.യോടും എല്ലാ പോലീസ് സൂപ്രണ്ട്/ കമ്മീഷണർമാരോടും 7-7-2003- ൽ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഉണ്ട്. കേരള ഫിലിം പ്രൊഡ്യൂസേഴ്സ് അസോസിയേഷന്റെ നിവേദനം കിട്ടിയിട്ടുണ്ട്.

(ഇ & എഫ്) സംസ്ഥാനത്ത് വീഡിയോ പൈറസി വ്യാപകമാകുന്നതുമൂലമുള്ള പ്രശ്നങ്ങൾക്ക് സർക്കാർ ഇപ്പോൾ കൈക്കൊണ്ടിട്ടുള്ള നടപടികൾ തുടരുന്നതാണ്.

II ചരമോപചാരം

ജോർജ് ഈഡന്റെ നിര്യാണം

മി. സ്പീക്കർ : കേരളത്തിൽ നിന്നുള്ള ലോകസഭാംഗവും മുൻ നിയമസഭാംഗവുമായ ജോർജ് ഈഡൻ ഇക്കഴിഞ്ഞ ദിവസം നിര്യാതനായി. തികച്ചും അപ്രതീക്ഷിതമായ സന്ദർഭത്തിലാണ് ജോർജ് ഈഡൻ നമ്മെ വിട്ടുപിരിഞ്ഞത്.

9.30 A.M.]

1953-ൽ എറണാകുളം ജില്ലയിലെ കടമക്കുടി പഞ്ചായത്തിൽപ്പെട്ട ചേന്നൂർ എന്ന സ്ഥലത്താണ് ഈഡൻ ജനിച്ചത്. രാഷ്ട്രീയ പശ്ചാത്തലമൊന്നും ഇല്ലായിരുന്നുവെങ്കിലും വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ അദ്ദേഹം കേരള സ്റ്റുഡന്റ്സ് യൂണിയനിൽ അംഗമാവുകയും, സെന്റ് ആൽബർട്ട് കോളേജ് യൂണിയനിൽ ചെയർമാൻ സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. പിന്നീട് എറണാകുളം ഗവൺമെന്റ് ലാ കോളേജിൽ നിന്ന് നിയമബിരുദം നേടി. 1980-ൽ കെ.എസ്.യു.-വിന്റെ സ്റ്റേറ്റ് സെക്രട്ടറിയായിരുന്നു. കേരള പ്രദേശ് യൂത്ത് കോൺഗ്രസ്സിന്റെ സംസ്ഥാന കമ്മിറ്റിയംഗം, ഐക്യജനാധിപത്യമുന്നണി ഏകോപന സമിതിയുടെ എറണാകുളം ജില്ലാ പ്രസിഡന്റ് എന്നീ പദവികളും അദ്ദേഹം വഹിച്ചു. 1991-ൽ എറണാകുളം നിയോജകമണ്ഡലത്തിൽ നിന്ന് ഒൻപതാം കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. പത്താം കേരള നിയമസഭയിലും അതേ മണ്ഡലം നിലനിർത്തിയെങ്കിലും 1998-ൽ പാർലമെന്റിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിനെത്തുടർന്ന് നിയമസഭാംഗത്വം രാജിവയ്ക്കുകയാണുണ്ടായത്. 1999-ൽ അദ്ദേഹം വീണ്ടും ലോകസഭാംഗമായി. അങ്ങനെ നിയമസഭയിലും ലോക്സഭയിലും തന്റെ പ്രിയപ്പെട്ട തട്ടകമായ

LIBRARY ARCHIVES Kerala Legislative Assembly

എറണാകുളത്തെ രണ്ടു പ്രാവശ്യം വീതം പ്രതിനിധീകരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. പാർലമെന്റിൽ ശാസ്ത്ര-സാങ്കേതിക-പരിസ്ഥിതി- വനം സംബന്ധിച്ച സമിതിയിലും വിനോദസഞ്ചാരം സംബന്ധിച്ച സമിതിയിലും അംഗമായിരുന്നു. ഉത്തരവാദിത്വബോധമുള്ള പാർലമെന്റേറിയനായിരിക്കുമ്പോഴും സാധാരണ പ്രവർത്തകരുമായി സമഭാവനയോടെ പെരുമാറാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. തനിക്ക് ഉത്തമ ബോധ്യമുള്ള കാര്യങ്ങൾ തുറന്നു പറയാൻ ഒരു മടിയുമുണ്ടായിരുന്നില്ല. ഗൗരവമുള്ള വിഷയങ്ങളിൽപ്പോലും ഔചിത്യബോധത്തോടെ ഒരല്പം നർമ്മം കലർത്തിക്കൊണ്ടുള്ള ആ പ്രഭാഷണ കല ശ്രോതാക്കളുടെ അഭിനന്ദനം നേടിയിരുന്നു. കക്ഷി രാഷ്ട്രീയങ്ങളുടെ അതിർവരമ്പുകൾ ഭേദിച്ചുകൊണ്ടുള്ള ആ നിഷ്കളങ്ക സൗഹൃദം പങ്കിടാത്ത പൊതു പ്രവർത്തകർ വിരളമാണെന്ന് ഈഡന് അന്തിമോപചാരം അർപ്പിക്കാൻ എത്തിയ വൻ ജനാവലി തെളിയിച്ചു. അധികാര രാഷ്ട്രീയത്തിന്റെ പ്രലോഭനങ്ങൾക്കൊന്നും കീഴടക്കാനാകാത്ത ഒരു നേതാവായിരുന്നു. ജോർജ് ഈഡന്റെ അകാല നിര്യാണം ജനാധിപത്യ പ്രസ്ഥാനങ്ങൾക്ക് താങ്ങാനാകാത്ത ആഘാതമാണ് ഏൽപ്പിച്ചിരിക്കുന്നത്. അന്തരിച്ച ഈ മഹത്വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റു നിൽക്കാം.

(പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റു നിന്ന് മൗനം ആചരിച്ചു.)

III ശ്രദ്ധ ക്ഷണിക്കൽ

(1) തോട്ടം തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രയാസങ്ങൾ

ശ്രീ. കെ.കെ. ജയചന്ദ്രൻ : സർ, കേരളത്തിലെ തോട്ടം മേഖല അഭിമുഖീകരിക്കുന്ന അതീവ ഗൗരവമായ പ്രശ്നം സഭയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനാണ് ഞാൻ ഉദ്ദേശിക്കുന്നത്. കേന്ദ്രസർക്കാരിന്റെ ഉദാരവൽക്കരണ നയങ്ങൾ കേരളത്തിലെ തോട്ടം മേഖലയെ പ്രതിസന്ധിയിലാക്കുകയും വൻകിട തോട്ടങ്ങൾക്കും കയറ്റുമതിക്കാർക്കും വലിയ നേട്ടം ഉണ്ടാക്കുകയുമാണ് ചെയ്തിരിക്കുന്നത്. റബ്ബറിന്റെ 90 ശതമാനവും ഏലത്തിന്റെ 70 ശതമാനവും തേയിലയുടെ 80 ശതമാനവും കേരളമാണ് ഉൽപ്പാദിപ്പിക്കുന്നത്. തേയില, ഏലം, കാപ്പി തുടങ്ങിയ തോട്ടങ്ങളെ ആശ്രയിച്ചാണ് കേരളത്തിലെ 17 ശതമാനത്തോളം ജനങ്ങൾ ഉപജീവനമാർഗ്ഗം കഴിക്കുന്നത്. കഴിഞ്ഞ വർഷം ഈ സമയത്ത് ഒരു കിലോ ഏലത്തിന്റെ വില 800 രൂപയായിരുന്നത് ഇപ്പോൾ 300 രൂപയായി കുറഞ്ഞിരിക്കുകയാണ്. ഇൻഡ്യയിലെ കയറ്റുമതിക്കാരും ലേലം കൊള്ളുന്നവരും തമ്മിലുള്ള ഒത്തുകളിയുടെ ഭാഗമായിട്ടാണ് ഇവിടെ കൊള്ളയടിച്ചു കൊണ്ടിരിക്കുന്നത്. തേയിലയുടെ സ്ഥിതി അതിലും ഗൗരവമുള്ളതാണ്. തേയിലയുടെ പ്രതിസന്ധിക്കു കാരണം തൊഴിലാളികളാണെന്നാണ് തോട്ടം ഉടമകൾ വാദിക്കുന്നത്. ഒരു ദിവസത്തെ കൂലിക്ക് സ്റ്റാന്റേർഡ് ഔട്ട്പുട്ട് രണ്ട് കിലോ വർദ്ധിപ്പിക്കാനും 2002 ഏപ്രിൽ, ജൂൺ മാസത്തെ ക്ഷാമബത്ത മരവിപ്പിക്കാനും തോട്ടം ഉടമകൾ തീരുമാനിച്ചു. അദ്ധ്വാന ഭാരം 25 ശതമാനം വർദ്ധിപ്പിക്കണമെന്നും അടിസ്ഥാന കൂലി 10 രൂപ കണ്ട് കുറയ്ക്കണമെന്നും

LIBRARY ARCHIVES Kerala Legislative Assembly